## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4134** — 16.12.2014-ലെ മറുപടിയ്ക്ക്

## പെട്രോളിയം ഉല്പന്നങ്ങൾക്ക് വില്പന നികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോളിയം ഉല്പന്നങ്ങൾക്ക് എത്ര രൂപയുടെ വില്പന നികുതിയാണ് ഒരു ലിറ്ററിന് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് വില്പന നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ പെട്രോളിന്റെ വില്പന നികുതി നിരക്ക് 28.72 ശതമാനവും ഡീസലിന്റേത് 22.07 ശതമാനവുമാണ്. നിലവിൽ ഒരു ലിറ്റർ പെട്രോളിന് 14.29 രൂപയും ഡീസലിന് 9.88 രൂപയുമാണ് (എറണാകുളം ജില്ല) വിൽപന നികുതിയായി ചുമത്തുന്നത്. |

സെക്ഷൻ ഓഫീസർ